പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.763 — 08.01.2014-ൽ മറുപടിക്ക്

**നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് കേഡറിലുള്ള ഡോക്ടർമാരുടെ തസ്തിക അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ ലഭ്യമാക്കിയ പ്രൊപ്പോസൽ നിശ്ചിത പ്രൊഫോർമയിൽ അല്ലാതിരുന്നതിനാലും അനുബന്ധ രേഖകൾ ഇല്ലാതിരുന്നതിനാലും പുതുക്കിയ പ്രൊപ്പോസൽ ന്യായീകരണ റിപ്പോർട്ട്, ആവശ്യമായ തസ്തികകൾ എന്നിവ സഹിതം ലഭ്യമാക്കുവാൻ 16.07.2013-ലെ പി.എൽ.എ 3-5731/2013/ആവഡ എന്ന നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര ഡോക്ടർമാരുടെ തസ്തിക പുതുതായി അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ ആശുപത്രികളിൽ എത്രയെണ്ണം വീതമാണെന്നും വ്യക്തമാക്കാമോ; | (ബി) സ്പെഷ്യാലിറ്റി കേഡറിൽ 116 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തസ്തികകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവും, പൊതു ആവശ്യവും കണക്കിലെടുത്ത് അത്യാവശ്യം വേണ്ട സ്പെഷ്യാലിറ്റി കേഡർ തസ്തിക അനുവദിച്ച് നൽകുവാൻ സാദ്ധ്യമാകുമോ? | സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | ആശുപത്രിയുടെ പേര് | ചീഫ് കൺസൾട്ടന്റ് | സീനിയർ കൺസൾട്ടന്റ് | കൺസൾട്ടന്റ് | ജൂനിയർ കൺസൾട്ടന്റ് | ആകെ |
|---|---|---|---|---|---|---|
| 1 | ജി.എച്ച്. പാല | 1 | 2 | 3 | 13 | 19 |
| 2 | റ്റി.എച്ച്. പാമ്പാടി | | 1 | 1 | 5 | 7 |
| 3 | ഡി.എച്ച്. തിരൂർ | 1 | | 5 | 2 | 8 |
| 4 | ജി.എച്ച്.ചങ്ങനാശ്ശേരി | | 3 | 1 | 4 | 8 |
| 5 | ജി.എച്ച്. ഇരുങ്ങാലകുട | | | 1 | 6 | 7 |
| 6 | ജി.എച്ച്. കഞ്ഞിരപ്പള്ളി | | | 2 | 5 | 7 |
| 7 | റ്റി.എച്ച്. നിലമ്പൂർ | | 1 | 2 | 2 | 5 |
| 8 | ജി.എച്ച്. മൂവാറ്റുപുഴ | | | 4 | 3 | 7 |
| 9 | റ്റി.എച്ച്. ചേർത്തല | | | | 3 | 3 |
| 10 | ഡി.എച്ച്. നെടുമങ്ങാട് | | | | 3 | 3 |
| 11 | ജി.എച്ച്. കോട്ടയം | | | | 3 | 3 |
| 12 | റ്റി.എച്ച്. വർക്കല | | | | 3 | 3 |
| 13 | റ്റി.എച്ച്.ആറ്റിങ്ങൽ | | | | 5 | 5 |
| 14 | മെന്റൽ ആശുപത്രി, തിരുവനന്തപുരം | | 1 | 2 | 2 | 5 |
| 15 | മെന്റൽ ആശുപത്രി, കോഴിക്കോട് | | 1 | 2 | 2 | 5 |
| 16 | മെന്റൽ ആശുപത്രി, തൃശ്ശൂർ | | 1 | 1 | 2 | 4 |
| 17 | റ്റി.എച്ച്. ഫോർട്ട് | | | | 6 | 6 |
| 18 | റ്റി.എച്ച്. കോന്നി | | | | 8 | 8 |
| 19 | റ്റി.എച്ച്. അരിക്കോട് | | | | 3 | 3 |
| | ആകെ | 2 | 10 | 24 | 80 | 116 |